## ശ്രദ്ധ ക്ഷണിക്കൽ

### മാരകമായ രാസപദാർത്ഥങ്ങളുണ്ടാക്കുന്ന ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി: സർ, വളരെ ഗുരുതരമായിട്ടുള്ള ഒരു സാഹചര്യം നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുണ്ട്. അത് ഭക്ഷ്യ സാധനങ്ങളിലും കാർഷിക വിളകളിലും ചേർത്തുകൊണ്ടിരിക്കുന്ന വളരെ.......

മി. സ്പീക്കർ: പ്ലീസ്.........പ്ലീസ്..........പ്ലീസ്..........(ബഹളം)..........ശ്രീ. അബ്ദുസ്സമദ് സമദാനി..........പ്ലീസ് .........വെറുതെ ബഹളം വയ്ക്കണ്ട. പ്രതിപക്ഷനേതാവ് എഴുന്നേറ്റാൽ സമയം കൊടുക്കും. പ്ലീസ്.....ഒരു മിനിട്ട്. എന്താണ് പ്രതിപക്ഷനേതാവിന് പറയാനുള്ളത്?

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, ഇന്നലെ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീമതി യാമിനി തങ്കച്ചിയെ ക്ലിഫ് ഹൗസിൽ വിളിച്ചുവരുത്തി അവരെ ചീറ്റ് ചെയ്തു, ചീറ്റ് ചെയ്തു എന്ന് പത്രങ്ങളോട് വളരെ വിശദമായി അവർ സംസാരിക്കുകയും പൊട്ടിക്കരയുകയുമൊക്കെ ചെയ്യുകയുണ്ടായി. അതുസംബന്ധിച്ച് ഞാൻ ഒരു സബ്മിഷൻ ബഹുമാനപ്പെട്ട സ്പീക്കർക്ക് തന്നു. ആദ്യം തന്ന സബ്മിഷൻ പിൻവലിക്കുകയും..............

മി. സ്പീക്കർ: സബ്മിഷന്റെ സമയത്ത് അത് എടുക്കാം. അങ്ങ് എഴുന്നേറ്റപ്പോൾ ചെയർ വിചാരിച്ചത്.........നോ...നോ....സബ്മിഷന്റെ സമയമായില്ല.

(പ്രതിപക്ഷ അംഗങ്ങൾ ഒന്നടങ്കം എഴുന്നേറ്റ് നിന്ന് ബഹളം വച്ചു).

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: സർ, ഞാൻ പ്രോപ്പറായി ഉന്നയിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആ കാര്യം ഞാൻ അങ്ങയോട് പറയുകയാണ്.

മി. സ്പീക്കർ: സബ്മിഷൻ സമയത്ത് അങ്ങയെ വിളിക്കാം. അങ്ങ് ഇരിക്കൂ. നോ...നോ....നിങ്ങൾ .......നോ.....ഞാനൊന്ന് പറയട്ടെ. .......... (ബഹളം)...... നോ....നോ.... ഇവിടെ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടില്ല. പ്രതിപക്ഷ നേതാവ് ഏതുസമയം എഴുന്നേറ്റാലും ചെയർ മൈക്ക് കൊടുക്കും. പക്ഷേ അദ്ദേഹം ഇപ്പോൾ പറഞ്ഞുവരുന്നത് സബ്മിഷന്റെ കാര്യമാണ്. ആദ്യത്തെ സബ്മിഷനായി പ്രതിപക്ഷ നേതാവിന്റെ സബ്മിഷൻതന്നെ എടുക്കും. നിങ്ങൾ പുതിയ സിസ്റ്റമൊന്നും കൊണ്ടുവരണ്ട. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മതിച്ചാൽ പ്രതിപക്ഷ നേതാവിന്റെ സബ്മിഷൻ ആദ്യം വിളിക്കും.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഞാൻ ആദ്യം കൊടുത്ത സബ്മിഷൻ പിൻവലിക്കുകയും രണ്ടാമതൊരു സബ്മിഷൻ കൊടുത്തെങ്കിലും അച്ചടിച്ചുവന്നിരിക്കുന്നത് ആദ്യത്തെ സബ്മിഷനാണ്. അതുകൊണ്ട് ഞാൻ പിൻവലിച്ചുകൊണ്ട് രണ്ടാമത് കൊടുത്ത സബ്മിഷന്റെ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഇപ്പോൾ എഴുന്നേറ്റത്. അപ്പോൾ അത് അംഗീകരിക്കണമെന്നും അതിന് മുഖ്യമന്ത്രിയാണ് മറുപടി പറയേണ്ടതെന്നുമുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഇപ്പോൾ എഴുന്നേറ്റത്. അത് അങ്ങയെ അറിയിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇന്നലെ തന്ന സബ്മിഷൻ ലിസ്റ്റ് ചെയ്തിട്ടുണ്ട്. ഇത് അങ്ങയുടെ ഓഫീസിൽ നിന്ന് എന്റെ ഓഫീസിലേയ്ക്ക് ഇന്ന് എത്ര മണിക്കാണ് കൊടുത്തതെന്ന് ചോദിക്കണം.

അപ്പോൾ ലിസ്റ്റ് ചെയ്യാൻ പറ്റുകയില്ല. സബ്മിഷന്റെ സമയത്ത് വിളിക്കുമ്പോൾ അങ്ങ് സംസാരിക്കണം.

ശ്രീ. സി. ദിവാകരൻ: സർ, പ്രതിപക്ഷനേതാവ് പറഞ്ഞത് അത്യാവശ്യമുള്ള കാര്യമാണ്. അദ്ദേഹത്തിനെ ബഹുമാനിക്കണ്ടേ?

മി. സ്പീക്കർ: ശ്രീ. ദിവാകരൻ, എനിക്കറിയാം. പക്ഷേ ഒരാൾ ഒരു വിഷയം സംബന്ധിച്ച് എഴുതി തന്നുകഴിഞ്ഞാൽ അതിന് മറുപടി പറയേണ്ടത് ചെയറല്ല.

ശ്രീ. സി. ദിവാകരൻ: സർ, പ്രതിപക്ഷ നേതാവിനെ ബഹുമാനിക്കണ്ടേ?

മി. സ്പീക്കർ: പ്രതിപക്ഷ നേതാവിനെ ബഹുമാനിക്കാൻ....... (ബഹളം)...... സി. ദിവാകരന്റെ....... ..........(ബഹളം)...... ഇതെന്താ ഈ പറയുന്നത്.

മുഖ്യമന്ത്രി: ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ മറുപടി പറയാം.

മി. സ്പീക്കർ: നോ....നോ.....മുഖ്യമന്ത്രി മറുപടി പറയുന്നത് അപ്പോഴാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അല്ലല്ല., അത് ഇപ്പോഴല്ല.

ശ്രീ. സി. ദിവാകരൻ: സർ, മുഖ്യമന്ത്രി മറുപടി പറയാൻ തയ്യാറാണെങ്കിൽ ചെയർ എന്തിനാണ് വിലക്കുന്നത്?

മി. സ്പീക്കർ: വേണ്ട....വേണ്ട..............(ബഹളം)......അതുപറയാൻ കഴിയില്ല. നോ...നോ...നോ... ..........(ബഹളം)...... അതിന് ചെയർ അനുവദിക്കില്ല. അത് സബ്മിഷന്റെ സമയത്ത് പറഞ്ഞാൽ മതി.

ശ്രീ. സി. ദിവാകരൻ: സർ, ഇത് അസാധാരണമായ സംഭവമാണ്. പ്രതിപക്ഷനേതാവിന് പറയാനുള്ളത് പറഞ്ഞാൽ അത് കേൾക്കാനുള്ള സന്മനസ് കാണിക്കണ്ടേ?

<u>മി. സ്പീക്കർ</u>: അങ്ങനെ വിലക്കുകയല്ല. നോ....നോ... അത് ശരിയല്ലല്ലോ.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, മുഖ്യമന്ത്രിയുടെ വീട്ടിൽ ഗൂഢാലോചന നടത്തിയെന്ന് പ്രതിപക്ഷ നേതാവ് പറയുന്നു. അതിന് അദ്ദേഹത്തിന് പറയുവാൻ സമയം കൊടുക്കണം.

<u>മി. സ്പീക്കർ</u>: ശ്രീ. ദിവാകരൻ, പ്രതിപക്ഷ നേതാവിന്........ (ബഹളം)...... നിങ്ങളോട് ചെയറിന് ഒന്നും പറയാനില്ല....., ഒന്നും പറയാനില്ല......ഇല്ല... ഒന്നും പറയാനില്ല. ..........(ബഹളം)...... ശ്രീ. ദിവാകരൻ, പ്രതിപക്ഷ നേതാവിന് അതിന്റെ അർഹമായ ബഹുമാനം ചെയർ കൊടുക്കുന്നുണ്ട്. അതിന് നിങ്ങളുടെ ആരുടെയും ശുപാർശ വേണ്ട, നമ്പർ വൺ. നമ്പർ ടു, പ്രതിപക്ഷ നേതാവിന്റേത് സബ്മിഷനാണ്. ഇന്ന് 8 മണിക്കുശേഷം കിട്ടിയ സബ്മിഷൻ പേപ്പർ മുഖ്യമന്ത്രിക്ക് കൈമാറി. ആ സബ്മിഷൻ വിളിക്കും. ശ്രദ്ധക്ഷണിക്കൽ കഴിഞ്ഞിട്ട് ചെയർ വിളിക്കും. ..........(ബഹളം)...... ഇത് നിയമസഭയാണ്. യെസ്.....യെസ്.... ..........(ബഹളം)......

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഇതൊരു അസാധാരണ സംഭവമാണ്. അതുകൊണ്ട്......

<u>മി. സ്പീക്കർ</u>: അസാധാരണ സംഭവമാണെങ്കിൽ നിങ്ങൾ അടിയന്തര പ്രമേയത്തിന് നോട്ടീസ് കൊണ്ടുവരണമായിരുന്നു. അത് ചെയർ അനുവദിക്കുമായിരുന്നു. ..........(ബഹളം)...... നിങ്ങൾ എന്നോട് വെറുതെ വഴക്കിട്ടിട്ട് വല്ല കാര്യവുമുണ്ടോ?

(ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നോട്ടീസ് നൽകിയ സബ്മിഷന് ശൂന്യവേളയിൽ മുഖ്യമന്ത്രി മറുപടി പറയണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ

അംഗങ്ങൾ തങ്ങളുടെ ഇരിപ്പിടങ്ങളിൽ നിന്ന് എഴുന്നേറ്റ് മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തി).

ശ്രീ. സി. ദിവാകരൻ: സഭാനേതാവ് മറുപടി പറയാൻ തയ്യാറാണ്.

മി. സ്പീക്കർ: ..........(ബഹളം)...... നിയമസഭ നടത്തിക്കൊണ്ടു പോകുന്നത് ചെയറാണ്. സഭാ നേതാവ് അങ്ങനെ പറഞ്ഞിട്ടില്ല. ..........( ബഹളം)...... നോ...നോ..നോ... ..........(ബഹളം)...... എല്ലാവരുടെയും അറിവിനുവേണ്ടി ചെയർ പറയുകയാണ്. രാവിലെ 8.15 നാണ് പ്രതിപക്ഷ നേതാവ് ഈ സബ്മിഷൻ ചെയറിനെ ഏൽപ്പിച്ചത്. ..........(ബഹളം)...... 8.15 ന്. പ്രതിപക്ഷ നേതാവിനെ വിളിക്കും. ..........(ബഹളം)......

മി. സ്പീക്കർ: ദയവുചെയ്ത് നിങ്ങൾ സീറ്റിലേയ്ക്ക് പോകണം. ദയവുചെയ്ത്. പ്ലീസ്.....പ്ലീസ്.... ..........(ബഹളം)......നിങ്ങൾ ദയവുചെയ്ത് സീറ്റിലേയ്ക്ക് പോകണം. ഈ നിമിഷം വരെ പ്രതിപക്ഷത്തുനിന്നുവന്ന എല്ലാ അടിയന്തര പ്രമേയങ്ങളും ചെയർ അനുവദിച്ചിട്ടുണ്ട്. പ്രതിപക്ഷ നേതാവ് മാത്രമല്ല മുമ്പിലിരിക്കുന്ന കക്ഷി നേതാക്കൾ എഴുന്നേൽക്കുമ്പോഴാണെങ്കിലും ചെയർ അനുവദിച്ചിട്ടുണ്ട്. ഇവിടെ എല്ലാ ആദരവും പ്രതിപക്ഷ നേതാവിനോടുണ്ട്. ..........(ബഹളം)......ഞാനൊന്ന് പറയട്ടെ. പ്രതിപക്ഷ നേതാവിന്റെ സബ്മിഷൻ ഇന്ന് 8.15 ന്.........എങ്കിൽ അടിയന്തര പ്രമേയം കൊണ്ടുവരണമായിരുന്നു. അതിന് അടിയന്തര പ്രമേയം കൊണ്ടുവരണം. അത് നിങ്ങളുടെ ഫ്ളോർ മാനേജുമെന്റിന്റെ തകരാറാണ്. എന്നെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. അടിയന്തര പ്രമേയം കൊണ്ടുവരണമായിരുന്നു. ..........(ബഹളം)...... യെസ്....

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, വൈകിയാണ് നോട്ടീസ് കിട്ടിയതെങ്കിലും സബ്മിഷന് മറുപടി പറയാൻ തയ്യാറാണെന്നാണ് ഞാൻ പറഞ്ഞത്.

<u>മി. സ്പീക്കർ</u>: അതെ....ഇവിടെയിപ്പോൾ മുഖ്യമന്ത്രി പറഞ്ഞത്, പ്രതിപക്ഷ നേതാവ് കൊടുത്ത സബ്മിഷൻ 8.15 ന് എന്റെ ഓഫീസിൽ കിട്ടി, 8.20 ന് മുഖ്യമന്ത്രിയുടെ ഓഫീസിലെത്തിച്ചു, എങ്കിലും സബ്മിഷന് മറുപടി പറയാമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ..........(ബഹളം)...... ഇപ്പോൾ മറുപടി പറയാമെന്നല്ല പറഞ്ഞത്. അതിനൊക്കെ ഓരോ സിസ്റ്റമില്ലേ? നിങ്ങൾ ദയവുചെയ്ത് സീറ്റിലേയ്ക്ക് പോകണം. ..........(ബഹളം)...... നിങ്ങൾ.........അതുകൊണ്ട്.......നിങ്ങൾ അതുകൊണ്ട് ..................(ബഹളം)...... അതൊക്കെ ശ്രീ. ദിവാകരൻ, അങ്ങ് അതൊക്കെ തെറ്റിദ്ധരിച്ച് പറയുന്നതാണ്. ജനാധിപത്യത്തെ, അതിന്റെ സിസ്റ്റം കാത്തുരക്ഷിക്കാനാണ് ചെയർ ഈ പൊസിഷനെടുത്തത്. ഞാൻ തർക്കത്തിനില്ല. സഭ അല്പനേരത്തേയ്ക്ക് നിറുത്തിവയ്ക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 9.38–ന് സഭ നിറുത്തിവയ്ക്കുകയും 10.28–ന് സഭാനടപടികൾ പുനരാരംഭിക്കുകയും ചെയ്തു.)

<u>മി. സ്പീക്കർ</u>: നടപടിക്രമം അനുസരിച്ച് അടുത്തത് ശ്രദ്ധക്ഷണിക്കലാണ്. രണ്ടു ശ്രദ്ധക്ഷണിക്കലിനുമായി പരമാവധി 20 മിനിട്ട് എടുക്കുമെന്ന് കരുതുക. 20 മിനിട്ടിനുശേഷം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ സബ്മിഷൻ ആദ്യം അനുവദിക്കും.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഇരിപ്പിടങ്ങളിൽനിന്ന് എഴുന്നേറ്റു നിൽക്കുകയും പ്രതിഷേധസ്വരം ഉയർത്തുകയും ചെയ്തു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, .......(മൈക്ക് ഓഫ്)............

മി. സ്പീക്കർ : നമ്മൾ തമ്മിൽ സംസാരിച്ചതാണല്ലോ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് കോളിംഗ് അറ്റൻഷന് ശേഷം സബ്മിഷൻ അവതരിപ്പി ക്കാവുന്നതാണ്. അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങളെ സഭയിൽ കൊണ്ടു വരാൻ പ്രതിപക്ഷത്തിന് അതിന്റേതായ നടപടിക്രമങ്ങളും ചിട്ടകളുമുണ്ട്. അങ്ങനെ വന്നിരുന്നുവെങ്കിൽ ചെയർ അനുവദിക്കുമായിരുന്നു. എപ്പോഴും അങ്ങനെയാണ്. അടിയന്തര സ്വഭാവമുള്ളത് നിങ്ങൾ കണ്ടെത്തി ചെയറിന് എഴുതിത്തരണമായിരുന്നു. ...(ബഹളം).... സബ്മിഷൻ സ്വഭാവത്തിലുള്ള വിഷയങ്ങൾ കോളിംഗ് അറ്റൻഷന് മുമ്പ് സാധ്യമല്ല. .........(ബഹളം)............. ശ്രീ. സി. ദിവാകരൻ, പ്രതിപക്ഷനേതാവിന് മൈക്ക് കൊടുക്കുന്നതുമായി ബന്ധപ്പെടുത്തി ഇത് പറയേണ്ട കാര്യമില്ല. ജനാധിപത്യം കാത്തുസൂക്ഷിക്കു ന്നതിനുവേണ്ടിയാണ്. പ്രതിപക്ഷ നേതാവ് ഇപ്പോൾ എഴുന്നേറ്റുനിൽക്കുന്നത് സബ്മിഷന്റെ കാര്യം പറയാനാണ്. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി, അങ്ങ് സംസാരിക്കൂ.....

**ശ്രദ്ധ ക്ഷണിക്കൽ**

**മാരകമായ രാസപദാർത്ഥങ്ങളുണ്ടാക്കുന്ന ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ**

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി: സർ, ഒരു സമൂഹത്തെ സംബന്ധിച്ചിടത്തോളം....... (ബഹളം........) ഒരു ജനതയെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടത് അവരുടെ ആരോഗ്യമാണ്. രാഷ്ട്രത്തെ സംബന്ധിച്ചും സമൂഹത്തെ സംബന്ധിച്ചും ഒരിക്കലും അവഗണിക്കാൻ കഴിയാത്തതാണ് ആരോഗ്യമെന്ന് പറയുന്നത്. പക്ഷേ അടുത്ത കാലത്തായി ഉപഭോഗ സംസ്കാരത്തിന്റെ കടന്നുകയറ്റത്തിന്റെ ഫലമായി ആരോഗ്യസുരക്ഷയ്ക്ക്...

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം മുഴക്കിക്കൊണ്ട് ഡയസ്സിനു സമീപത്തേയ്ക്ക് നീങ്ങുകയും സഭാ നടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തു)

മി. സ്പീക്കർ: ശ്രീ. അബ്ദുസ്സമദ് സമദാനി...... അങ്ങ് മേശപ്പുറത്ത് വച്ചാൽ മതിയാകും. ബഹുമാനപ്പെട്ട മന്ത്രി മറുപടിയും മേശപ്പുറത്ത് വച്ചാൽ മതിയാകും.

(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രദ്ധക്ഷണിക്കലിന് മേശപ്പുറത്ത് വച്ച മറുപടി)

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, കാർഷിക വിളകളിലും ഭക്ഷ്യവസ്തുക്കളിലും കീടനാശിനികൾ ഉപയോഗിക്കുന്നുണ്ട്. വിപണിയിൽ വിവിധ പേരുകളിൽ അറിയപ്പെടുന്ന നാല് തരത്തിലുള്ള കീടനാശിനികളാണ് പ്രധാനമായും ഇന്ന് കേരളത്തിൽ ഉപയോഗിക്കുന്നതായി കണ്ടുവരുന്നത്.

1. ഓർഗാനോ ക്ലോറിൻ കീടനാശിനികൾ
2. ഓർഗാനോ ഫോസ്ഫറസ് കീടനാശിനികൾ
3. കാർബമേറ്റ്സ് കീടനാശിനികൾ
4. പെറിത്രോയ്ഡ്സ് കീടനാശിനികൾ.

ഇതിൽ ഓർഗാനോ ക്ലോറിൻ കീടനാശിനികളാണ് കൂടുതൽ അപകടകാരികൾ. ഇത് വർഷങ്ങളോളം വിഘടിക്കാതെ മണ്ണിലും കാർഷിക വിളകളിലും കാണപ്പെടും. അവ ഉയർന്ന താപനിലയിലും പെട്ടെന്ന് വിഘടിക്കാത്തതിനാൽ ആഹാരത്തിലൂടെ മനുഷ്യശരീരത്തിൽ കടന്ന് ബയോമാഗ്നിഫിക്കേഷൻ എന്ന പ്രക്രിയ വഴി കൊഴുപ്പിൽ അടിഞ്ഞുചേരുകയും അതുവഴി അർബുദം, പ്രത്യേകിച്ച് ലിവറിനെ ബാധിക്കുന്ന അർബുദത്തിനും വൃക്കകൾ, നാഡിവ്യൂഹം എന്നിവയെ ബാധിക്കുന്ന അസുഖങ്ങൾക്കും കാരണമായിത്തീരാറുണ്ട്. ഇതുകൂടാതെ ചില കീടനാശിനികൾ മനുഷ്യന്റെ ജനിതക ഘടനയ്ക്ക് വ്യത്യാസം വരുത്തി അടുത്ത തലമുറയിൽപ്പെട്ട കുഞ്ഞുങ്ങൾക്ക് ജനിതക വൈകല്യങ്ങളുണ്ടാക്കാൻ ഇടവരുത്താറുണ്ടെന്ന് ശാസ്ത്രീയപഠനങ്ങൾ വെളിപ്പെടുത്തുന്നു. ഇത്തരം സാഹചര്യത്തിൽ, കേരളത്തിലെ വിപണികളിൽ ലഭ്യമാകുന്ന പച്ചക്കറികളിലെ കീടനാശിനികളുടെ അളവ് മനസ്സിലാക്കുന്നതിനുവേണ്ടി കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നും ഫുഡ് സേഫ്റ്റി ഓഫീസർമാർ പച്ചക്കറികളുടെ സാമ്പിളുകൾ ശേഖരിച്ച് കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എൻ.എ.ബി.എൽ. അംഗീകാരമുള്ള Pesticide Residue Testing Lab-ലേയ്ക്ക് അയച്ചിട്ടുണ്ട്. ഇതിന്റെ പരിശോധനാഫലം ഉടൻതന്നെ ലഭിക്കുന്നതാണ്.

ഭക്ഷ്യവസ്തുക്കളിൽ സാധാരണരീതിയിൽ ചേർക്കുന്ന മായങ്ങൾ കൃത്രിമ നിറങ്ങളാണ്. ഇതുകൂടാതെ, എണ്ണയിൽ പാരഫിൻ ഓയിൽ, അരിയിൽ അയൺ ഓക്സൈഡ്, തേയിലയിൽ ഇരുമ്പയിരുകൾ എന്നിവ ചേർക്കാറുണ്ട്. ഇതെല്ലാം കണ്ടുപിടിക്കാൻ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ലാബുകളിൽ സജ്ജീകരണങ്ങളുണ്ട്. കൂടാതെ, വളരെ ചെറിയതോതിൽ അടങ്ങിയിരിക്കുന്ന മായങ്ങൾ കണ്ടുപിടിക്കാനാവശ്യമായ ഉപകരണങ്ങൾ കൂടുതലായി ഈ ലാബുകളിൽ ലഭ്യമാക്കുന്നുണ്ട്. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ  നിർദ്ദേശപ്രകാരം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വെളിച്ചെണ്ണ ശേഖരിച്ച് അതിൽ മിനറൽ ഓയിൽ അടങ്ങിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കൊല്ലത്ത് കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന Cashew Export Promotion Council –ന്റെ ലാബിലേയ്ക്ക് അയച്ചിട്ടുണ്ട്. ആയതിന്റെ പരിശോധനാഫലം ഉടൻതന്നെ ലഭിക്കുന്നതാണ്.

കൃത്രിമ നിറങ്ങളുടെ അമിത ഉപയോഗം  പലതരത്തിലുള്ള അർബുദം വരുത്താൻ ഇടയാക്കും.  പാരഫിൻ ഓയിൽ കാൻസർ വരുത്താൻ സാധ്യതയുള്ള മറ്റൊരു രാസപദാർത്ഥമാണ്.

സംസ്ഥാനത്ത് ലഭിക്കുന്ന പല ഭക്ഷണ പദാർത്ഥങ്ങളിലും പ്രിസർവേറ്റീവുകൾ ഉപയോഗിക്കുന്നുണ്ട്.  ഇവ അനുവദനീയമായ അളവിൽ ഉപയോഗിക്കാൻ നിയമം അനുവദിക്കുന്നുണ്ട്. സോഡിയം ബെൻസോയേറ്റ്, സോഡിയം പ്രൊപ്പണേറ്റ്, സൾഫർ ഡയോക്സൈഡ്, സോർബിക് ആസിഡ്, കൃത്രിമ മധുരങ്ങൾ എന്നിവ അവയിൽ ചിലതാണ്. ഇവയെല്ലാം ആഹാരത്തിന്റെ ഷെൽഫ് ലൈഫ് കൂട്ടുവാൻ ഉപയോഗപ്പെടുത്തുന്ന കൃത്രിമ മാർഗ്ഗങ്ങളാണ്.  എന്നാൽ, അവയുടെ അളവ് കൂടിക്കഴിഞ്ഞാൽ മനുഷ്യന്റെ ദഹന

വ്യവസ്ഥയെ ബാധിക്കുകയും പലതരത്തിലുള്ള അൾസറുകൾ, അലർജി എന്നിവ ഉണ്ടാക്കുവാൻ ഇടവരുത്തുന്നതുമാണ്.

പാൽ കേടുകൂടാതിരിക്കുവാൻ വേണ്ടി ഉപയോഗിക്കുന്ന സോഡിയം കാർബണേറ്റ്, സോഡിയം ബൈ കാർബണേറ്റ് മുതലായവ മനുഷ്യശരീരത്തിലെ ദഹനവ്യവസ്ഥയുമായി ബന്ധപ്പെട്ട രോഗങ്ങളുണ്ടാക്കുവാൻ കഴിയുന്നവയാണ്. പാലിലെ പ്രിസർവേറ്റീവ് കണ്ടെത്തുവാൻ ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ലാബുകളിൽ സൗകര്യമുണ്ട്.

പാലിലും മത്സ്യത്തിലും വ്യാപാരികൾ പ്രിസർവേറ്റീവായി ഫോർമാലിൻ എന്ന രാസവസ്തു അനധികൃതമായി ഉപയോഗിക്കാറുണ്ട്. ഇത് മാരകമായ അർബുദത്തിന് കാരണമാകുന്ന പദാർത്ഥമാണ്. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിർദ്ദേശപ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിലെ പ്രധാന മാർക്കറ്റുകളിൽനിന്ന് മത്സ്യം ശേഖരിച്ച് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ആന്റ് ടെക്നോളജി ലാബിൽ അയച്ച് പരിശോധിച്ചതിൽ അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പല മത്സ്യങ്ങളിലും ഫോർമാലിന്റെ സാന്നിദ്ധ്യം കണ്ടെത്തുകയുണ്ടായി. കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന മീനുകളിൽ ഫോർമാലിൻ ചേർക്കുന്നത് അടിയന്തരമായി തടയണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട്, കർണ്ണാടക, ഗോവ എന്നീ സംസ്ഥാനങ്ങളിലെ ഫുഡ് സേഫ്റ്റി കമ്മീഷണർമാർക്ക് ഇതിനകം കത്തുകൾ അയച്ചിട്ടുണ്ട്. നടപടി തുടർന്നാൽ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന മത്സ്യവും പാലും നിരോധിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, പരിശോധന

കർശനമാക്കാൻ സംസ്ഥാനത്തൊട്ടാകെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു.

(ശ്രീ. മാത്യു റ്റി. തോമസ് സീറ്റിലില്ലാതിരുന്നതിനാൽ അടുത്ത ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: സബ്മിഷനുകൾ റദ്ദ് ചെയ്യുന്നു.